കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നതവിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം - പ്രവേശന പരീക്ഷാ പരിഷ്ക്കരണം - എഞ്ചിനീയറിംഗ് സ്ട്രീമിനായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നതവിദ്യാഭ്യാസ (ജി) വകുപ്പ്

**ജി.ഒ.(എം.എസ്) നം. 402/2010/ഉ.വി.വ** **തീയതി : തിരുവനന്തപുരം, 18/12/2010.**

---

പരാമർശം:- 1) 04-10-2006 -ലെ ജി.ഒ.(എം.എസ്) 128/06/H.Edn. എന്ന സർക്കാർ ഉത്തരവ്.
2) 17-12-2009 -ലെ ഒ.(എം.എസ്) 223/09/H.Edn. എന്ന സർക്കാർ ഉത്തരവ്.
3) 13-09-2010 -ലെ ഒ.(എം.എസ്) 295/10/H.Edn. എന്ന സർക്കാർ ഉത്തരവ്.

<u>ഉത്തരവ്</u>

ഉന്നത വിദ്യാഭ്യസ രംഗത്ത് നടപ്പിലാക്കേണ്ട സമഗ്രമായ പരിഷ്ക്കാരങ്ങളുടെ ഭാഗമായി പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷാ സമ്പ്രദായം പരിഷ്ക്കരിക്കുവാനുള്ള ശ്രമം 2006 വർഷം തന്നെ തുടങ്ങുകയും, നിലവിലുള്ള സമ്പ്രദായത്തിൽ പരിഷ്ക്കാരം ശുപാർശ ചെയ്യാൻ സൂചന (1) -ലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും, വിദ്യാഭ്യാസ വിചക്ഷണരടങ്ങുന്ന പ്രസ്തുത കമ്മിറ്റി 2008-ൽ, അതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

നിലവിലുള്ള പ്രവേശന പരീക്ഷ സമ്പ്രദായം, പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് ആവശ്യമായ അറിവിനെ സംബന്ധിക്കുന്ന സമഗ്രമായ വിലയിരുത്തലല്ല എന്നും, ആയതിനാൽ യോഗ്യതാ പരീക്ഷയിലും പ്രവേശന പരീക്ഷയിലും നേടുന്ന മാർക്കിന് തുല്യ വെയിറ്റേജ് നൽകണമെന്നും കമ്മിറ്റി ശുപാർശ ചെയ്തു.

കമ്മിറ്റിയുടെ മേൽപറഞ്ഞ ശുപാർശകൾ മന്ത്രിസഭ തത്വത്തിൽ അംഗീകരിക്കുകയും ഇത് നടപ്പിലാക്കുന്നതിന് ഒരു കരട് ബിൽ തയ്യാറാക്കുകയും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി അയയ്ക്കുകയും ചെയ്തു. എന്നാൽ ഈ ബിൽ കേന്ദ്ര സർക്കാർ തിരിച്ചയയ്ക്കുകയും നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയതിനുശേഷം പ്രസിഡന്റിന്റെ അംഗീകാരത്തിനായി അയയ്ക്കാനും ഉപദേശിച്ചു.

മെഡിക്കൽ, എഞ്ചിനീയറിംഗ് എന്നീ രണ്ട് വിഭാഗത്തിലും പ്രവേശന പരീക്ഷ സമ്പ്രദായത്തിന് പരിഷ്ക്കാരം നടപ്പിലാക്കാൻ മന്ത്രിസഭ അനുമതി നൽകിയിരുന്നെങ്കിലും, എ.ഐ.സി.റ്റി.ഇ.-യുടെ റഗുലേഷൻ പ്രകാരം എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് യോഗ്യതാ പരീക്ഷയിലോ, പ്രവേശന പരീക്ഷയിലോ നേടുന്ന മാർക്കിനെ മാത്രം അടിസ്ഥാനപ്പെടുത്തി പ്രവേശനം നടത്താമെന്ന് നിഷ്ക്കർഷിക്കുന്നുണ്ടെങ്കിലും, മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ (എം.സി.ഐ.)-യുടെ റഗുലേഷനിൽ ഉള്ളതുപോലെ പ്രവേശനത്തിന് യോഗ്യതാ പരീക്ഷയുടെയും പ്രവേശന പരീക്ഷയുടെയും മാർക്കുകൾ കൂട്ടിച്ചേർക്കാൻ പാടില്ല എന്ന നിബന്ധന എ.ഐ.സി.റ്റി.ഇ.-യുടെ റഗുലേഷനിൽ ഇല്ലാത്തതിനാൽ ഈ പരിഷ്ക്കാരം 2011 വർഷത്തിൽ എഞ്ചിനീയറിംഗ് സ്ട്രീമിൽ മാത്രം നടപ്പിലാക്കിയാൽ മതി എന്ന് സർക്കാർ കണ്ടെത്തുകയുണ്ടായി.

ഹയർ സെക്കന്ററി പരീക്ഷാ സമ്പ്രദായം ശക്തിപ്പെടുത്തി എല്ലാ രീതിയിലും കുറ്റമറ്റതാക്കി മാറ്റാൻ കൂടുതൽ നടപടികൾ എടുത്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2011-12 വർഷത്തെ എഞ്ചിനീയറിംഗ് സ്ട്രീമിലെ പ്രവേശനവും, തുടർന്നുള്ള അലോട്ടമെന്റ് പ്രക്രിയയും, യോഗ്യതാ പരീക്ഷയിലും, പ്രവേശന പരീക്ഷയിലും നേടുന്ന മാർക്കിന് തുല്യ വെയിറ്റേജ് നൽകി നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

കുരുവിള ജോൺ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
കൺവീനർ, എൻട്രൻസ് റിഫോംസ് കമ്മിറ്റി (പ്രവേശന പരീക്ഷാ കമ്മീഷണർ മുഖാന്തിരം)
കൺവീനർ, നോർമലൈസേഷൻ കമ്മിറ്റി (പ്രവേശന പരീക്ഷാ കമ്മീഷണർ മുഖാന്തിരം)
ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി ) വകുപ്പ് (ഐറ്റം നമ്പർ 5489 പ്രകാരം)
ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- വിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ